ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 21.02.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). രാഷ്ട്ര നിർമ്മാണത്തിൽ പൗര വികസനം നിർണായകമാണെന്ന് സോൾ ലീഡർഷിപ്പ് കോൺക്ലേവിൽ പ്രധാനമന്ത്രി നരേന്ദ്രമോദി.

Development of citizens is very important for nation building , says PM Modi while inaugurating SOUL Leadership Conclave at Bharat Mandapam in New Delhi.

2) കേരള ആഗോള നിക്ഷേപക ഉച്ചകോടിയ്ക്ക് കൊച്ചിയിൽ തുടക്കമായി. നിക്ഷേപ രംഗത്ത് ചരിത്രപരമായ മുന്നേറ്റങ്ങളാണ് കേരളത്തിൽ ഉണ്ടാകുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

Invest Kerala Global Investor Summit kick- started in Kochi. Kerala witnesses historic developments in the field of investment, says Chief Minister Pinarayi Vijayan.

3) കേരളത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ആക്കം കൂട്ടുന്ന 31 പുതിയ പദ്ധതികൾ ഉടൻ ആരംഭിക്കുമെന്ന് ഉച്ചകോടിയിൽ കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി.

Union Minister Nitin Gadkari said that 31 new projects will be initiated in Kerala to boost the infrastructure development in the state while virtually addressing the Summit.

4) പശ്ചിമേഷ്യയിലെ സമാധാനവും, സുസ്ഥിരതയും ആഗോള തലത്തിൽ വളരെ പ്രധാനമാണെന്ന് ജി-20 സമ്മേളനത്തിൽ വിദേശകാര്യ മന്ത്രി എസ്. ജയ് ശങ്കർ.

Peace and stability in West Asian region is vital for world says EAM Jaishankar at G-20 Foreign Ministers meet.

5) **രഞ്ജി ട്രോഫി സെമി ഫൈനലിൽ ഗുജറാത്തിനെതിരെ നിർണായക ലീഡുമായി കേരളം. ഐഎസ്എൽ ഫുട്ബോളിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ് ഇന്ന് ബംഗളൂരു FC യെ നേരിടും.**

**Kerala attains decisive lead against Gujarat in Ranji Trophy Cricket semi-final. North East United will face Bengaluru FC today in ISL football.**

***************************************

**PM SOUL CONCLAVE – (INTRO)**

രാഷ്ട്ര നിർമ്മാണത്തിൽ പൗര വികസനം നിർണായകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. നേതൃശേഷി, വേഗത, ഊർജ്ജം എന്നിവ വികസിത ഭാരതം എന്ന ലക്ഷ്യത്തിലെത്തുന്നതിന് അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു. സോൾ ലീഡർഷിപ്പ് കോൺക്ലേവിൻറെ ആദ്യ പതിപ്പ് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ആഗോള പവർ ഹൗസായി വളർന്നു കൊണ്ടിരിക്കുന്ന ഇന്ത്യയ്ക്ക് എല്ലാ മേഖലയിലും ഊർജസ്വലരായ നേതാക്കളെ ആവശ്യമാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

**(HOLD FOR BYTE..................)**

ഭൂട്ടാൻ പ്രധാനമന്ത്രി ദാഷോ ഷെറിംഗ് ടോബ്ഗെ ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തി. രണ്ടു ദിവസത്തെ പരിപാടിയിൽ രാഷ്ട്രീയം, കായികം, കല, തുടങ്ങി വിവിധ മേഖലകളിൽ നിന്നുള്ള വിദഗ്ധർ അനുഭവങ്ങൾ പങ്കിടും.

***************************************

**INVEST KERALA CM – GOYAL – (INTRO)**

കേരളത്തിൻറെ വ്യവസായ മേഖലയുടെ കുതിപ്പിന് പുത്തൻ ഉണർവ് നൽകാൻ ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന ഇൻവസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിയ്ക്ക് കൊച്ചിയിൽ തുടക്കമായി. രണ്ട് ദിവസത്തെ നിക്ഷേപക സംഗമം മുഖ്യമന്ത്രി പിണറായി

വിജയൻ ഉദ്ഘാടനം ചെയ്തു. നിക്ഷേപ രംഗത്ത് ചരിത്രപരമായ മുന്നേറ്റങ്ങളാണ് കേരളത്തിൽ ഉണ്ടാകുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാനത്ത് വ്യവസായം ആരംഭിക്കാനുള്ള അനുമതികളിൽ കാലതാമസമുണ്ടാകില്ലെന്നും മുഖ്യമന്ത്രി ഉറപ്പു നൽകി.

**(HOLD FOR BYTE............)**

കേന്ദ്ര മന്ത്രിമാരായ നിതിൻ ഗഡ്കരി, പിയൂഷ് ഗോയൽ, ജയന്ത് ചൗധരി, യുഎഇ, ബഹ്റൈൻ മന്ത്രിമാർ, പ്രതിപക്ഷനേതാവ് വി ഡി സതീശൻ, നയതന്ത്ര പ്രതിനിധികൾ, വ്യവസായ പ്രമുഖർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. നിക്ഷേപകർക്ക് ഇന്ത്യയിൽ ജനാധിപത്യപരമായ എല്ലാ അവകാശങ്ങളും ഉറപ്പു വരുത്തുന്നുണ്ടെന്നും വരുംവർഷങ്ങളിൽ സ്ത്രീകൾ നയിക്കുന്ന വികസനമാണ് കേന്ദ്രസർക്കാർ വിഭാവനം ചെയ്യുന്നതെന്നും കേന്ദ്രമന്ത്രി പിയുഷ് ഗോയൽ പറഞ്ഞു.

**( HOLD FOR BYTE............)**

****************************************

**NITIN GADKARI**

കേരളത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ആക്കം കൂട്ടുന്ന 31 പുതിയ പദ്ധതികൾ ഉടൻ ആരംഭിക്കുമെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി ഉച്ചകോടിയിൽ പ്രഖ്യാപിച്ചു. കോഴിക്കോട് - പാലക്കാട് പാത നാലുവരിയായി വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ മൂന്നു മാസത്തിനകം ആരംഭിക്കും. പാലക്കാടിനെയും കോഴിക്കോടിനേയും ബന്ധിപ്പിക്കുന്ന റോഡ്, വടക്കൻ കേരളത്തെ, കോയമ്പത്തൂരിലെ വ്യവസായ മേഖലയുമായി ബന്ധിപ്പിക്കുന്ന പാത, തിരുവനന്തപുരം ഔട്ടർ റിങ് റോഡ് തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുമെന്നും ഉച്ചകോടിയിൽ വെർച്വലായി പങ്കെടുത്തുകൊണ്ട് കേന്ദ്രമന്ത്രി പറഞ്ഞു.

****************************************

## JAISHANKAR G20 FMM

പശ്ചിമേഷ്യയിലെ സമാധാനവും, സുസ്ഥിരതയും ആഗോള തലത്തിൽ വളരെ പ്രധാനമാണെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ് ശങ്കർ. ദക്ഷിണാഫ്രിക്കയിലെ ജോഹന്നാസ്ബർഗിൽ ജി-20 വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യങ്ങൾക്കിടയിലെ തർക്കങ്ങൾ, സംഘർഷത്തിലേക്കും ഭിന്നതകളിലേക്കും എത്താത്ത വിധത്തിൽ കൈകാര്യം ചെയ്യേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഗാസ വെടിനിർത്തൽ കരാറിനെ സ്വാഗതം ചെയ്ത അദ്ദേഹം, യുക്രൈൻ സംഘർഷം ചർച്ചയിലൂടെ പരിഹരിക്കണമെന്ന നിലപാടാണ് ഇന്ത്യ തുടക്കം മുതൽ സ്വീകരിച്ചിരുന്നതെന്നും വ്യക്തമാക്കി.

****************************************

## NADDA – HEALTH EXPENDITURE

ആരോഗ്യസേവനങ്ങൾക്കായി രാജ്യത്തെ ജനങ്ങൾ നേരിട്ട് ചിലവഴിക്കുന്ന തുക കഴിഞ്ഞ പത്ത് വർഷത്തിനിടെ 64 ശതമാനത്തിൽ നിന്ന് 39 ശതമാനമായി കുറഞ്ഞതായി കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നഡ്ഡ. ന്യൂഡൽഹിയിൽ നടന്ന അന്താരാഷ്ട്ര ആരോഗ്യ ഡയലോഗ് 2025 ൻ്റെ 12-ാം പതിപ്പിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന, ദേശീയ ആരോഗ്യ ദൗത്യം തുടങ്ങിയ പദ്ധതികൾ നൽകുന്ന സേവനങ്ങൾ നേരിട്ടുള്ള ആരോഗ്യ ചെലവുകൾ കുറയുന്നതിന് കാരണമായി. സാർവത്രിക ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി കേന്ദ്രം നടപ്പാക്കിയ ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജനയുടെ പരിധിയിൽ രാജ്യത്തെ 40 ശതമാനവും ജനങ്ങളും ഉൾപ്പെടുന്നതായും ശ്രീ നഡ്ഡ പറഞ്ഞു.

****************************************

**ബ്രേക്ക്........**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

***************************************

**PM AKHIL BHARTIYA MARATHI SAHITYA**

98-ാമത് അഖില ഭാരതീയ മറാത്തി സാഹിത്യ സമ്മേളനം ന്യൂഡൽഹിയിലെ വിഗ്യാൻ ഭവനിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉദ്ഘാടനം ചെയ്യും. മറാത്തി സംസ്കാരവും സാഹിത്യവും പരിചയപ്പെടുത്തുന്ന പാനൽ ചർച്ചകൾ, പുസ്തക പ്രദർശനം തുടങ്ങിയവ ഇതോടനുബന്ധിച്ച നടക്കും. കേന്ദ്ര സർക്കാരിന്റെ ക്ലാസിക്കൽ പദവി നേടിയ മറാത്തി ഭാഷയുടെ സവിശേഷതകൾ വ്യക്തമാക്കുന്ന പ്രതീകാത്മക സാഹിത്യ ട്രെയിൻ യാത്രയും ഇതോടനുബന്ധിച്ച് നടക്കും.

***************************************

**VP – MEDITATION**

ഉത്കണ്ഠ, വിഷാദം തുടങ്ങിയ മാനസിക അസ്വസ്ഥതകൾ ആരോഗ്യരംഗത്ത് നിർണായക വെല്ലുവിളിയായി മാറിയിട്ടുണ്ടെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. മാനസികാരോഗ്യ പ്രശ്നങ്ങളെ നേരിടുന്നതിൽ ധ്യാനത്തിന് വലിയ പങ്കുണ്ടെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ മെഡിറ്റേഷൻ രംഗത്തെ വിദഗ്ധരുടെ ആഗോള സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു ഉപരാഷ്ട്രപതി.

***************************************

**DELHI CABINET**

ആയുഷ്മാൻ ഭാരത് ആരോഗ്യ സുരക്ഷാ പദ്ധതി ഡൽഹിയിൽ നടപ്പാക്കാൻ തീരുമാനിച്ചതായി മുഖ്യമന്ത്രി രേഖാ ഗുപ്ത. പുതിയ സർക്കാർ അധികാരമേറ്റ ശേഷം ചേർന്ന ആദ്യ മന്ത്രിസഭാ യോഗത്തിലാണ് തീരുമാനം.

14 സിഎജി  റിപ്പോർട്ടുകൾ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കാനും മന്ത്രിസഭ തീരുമാനിച്ചു. മുഖ്യമന്ത്രിയുടെയും, മന്ത്രിമാരുടെയും വകുപ്പുകളിലും തീരുമാനമായി.  പൊതുഭരണം, ധനകാര്യം, റവന്യൂ തുടങ്ങിയ നിർണായക വകുപ്പുകൾ മുഖ്യമന്ത്രി കൈകാര്യം ചെയ്യും.  ആശിഷ് സൂദ് ആഭ്യന്തര വകുപ്പിൻറെയും, പർവേശ് ശർമ PWD, ജല വകുപ്പുകളുടെയും ചുമതല വഹിക്കും.

****************************************

## AGRICULTURE  –  EXPORT

ഇന്ത്യയുടെ കാർഷിക കയറ്റുമതി അഭൂതപൂർവമായ വളർച്ച കൈവരിച്ചതായി കേന്ദ്രസർക്കാർ. സങ്കോള, ഭഗവ മാതളനാരങ്ങ, ഡ്രാഗൺ ഫ്രൂട്ട്  തുടങ്ങിയ പഴവർഗ്ഗങ്ങൾ  ഓസ്ട്രേലിയ, ലണ്ടൻ,  ബഹ്റൈൻ എന്നീ രാജ്യങ്ങളിലേക്കും, തവിട് കളയാത്ത അരി അമേരിക്കയിലേക്കും ആദ്യമായി കയറ്റുമതി ചെയ്യാൻ ഇന്ത്യയ്ക്ക് സാധിച്ചു. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാൻ ഇതിലൂടെ സാധ്യമായതായും കേന്ദ്രം വ്യക്തമാക്കി.

****************************************

## MANN  KI  BAAT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻകി ബാത് ഈ മാസം 23-ന്. മൻ കി ബാത്തിന്റെ 119-ാ ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശൻറെയും എല്ലാ നിലയങ്ങളിലും പരിപാടി തത്സമയം പ്രക്ഷേപണം ചെയ്യും.

****************************************

**RANJI TROPHY**

രഞ്ജി ട്രോഫി സെമി ഫൈനലിൽ ഗുജറാത്തിനെതിരെ നിർണായക ലീഡുമായി കേരളം. ഒന്നാം ഇന്നിങ്സിൽ നേടിയ രണ്ട് റൺസ് ലീഡ് കേരളത്തെ ഫൈനൽ പ്രവേശനത്തിന് തൊട്ടരികിൽ എത്തിച്ചിരിക്കുകയാണ്. കേരളമുയർത്തിയ 457 റൺസ് പിന്തുടർന്ന ഗുജറാത്ത് 455- ന് പുറത്താവുക ആയിരുന്നു. രണ്ടാം ഇന്നിങ്സ് ബാറ്റിങ്ങ് ആരംഭിച്ച കേരളം നിലവിൽ ഒരു വിക്കറ്റിന് 31 റൺസ് നേടി ലീഡ് ഉയർത്തിയിട്ടുണ്ട്. രഞ്ജി ട്രോഫി ചരിത്രത്തിലെ പുതുചരിത്രമായിരിക്കും കേരളത്തിൻറെ ഫൈനൽ പ്രവേശനം.

*************************************

**ISL**

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റ്, ബംഗളൂരു FC യെ നേരിടും. രാത്രി 7.30ന് ഷില്ലോങ്ങിലാണ് മത്സരം.

*************************************

**WPL**

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു മുംബൈ ഇന്ത്യൻസിനെ നേരിടും. ബംഗളൂരുവിലെ ചിന്നസ്വാമി സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

*************************************

**KASH PATEL**

അമേരിക്കൻ അന്വേഷണ ഏജൻസി എഫ്.ബി.ഐ യുടെ ഡയറക്ടറായി ഇന്ത്യൻ വംശജൻ കാഷ് പട്ടേലിനെ നിയോഗിച്ച് യു.എസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ്. സെനറ്റിൻറെ അംഗീകാരത്തോടെ അടുത്ത 10 വർഷത്തേക്കാണ് നിയമനം.

*************************************

## ISRAEL- BODIES IDENTIFIED

ഹമാസ് ഇന്നലെ കൈമാറിയ നാല് മൃതദേഹങ്ങളിലൊന്ന് ഇസ്രയേലിൽ നിന്നുള്ള ബന്ദിയുടേതല്ലെന്ന് വ്യക്തമാക്കി ഇസ്രയേൽ പ്രതിരോധ സേന. ഹമാസിന്റെ അവകാശവാദങ്ങൾക്ക് വിരുദ്ധമാണിതെന്നും, ഹമാസ് ഇതിനകം വെടിനിർത്തൽ കരാർ ലംഘിച്ചതായും ഐഡിഎഫ് കുറ്റപ്പെടുത്തി.

***************************************

## TIMES - WOMEN OF THE YEAR

ഇന്ത്യൻ ജീവശാസ്ത്രജ്ഞയും വന്യജീവി സംരക്ഷകയുമായ പൂർണിമ ദേവി ബർമനെ ടൈം മാഗസിൻ "വുമൺ ഓഫ് ദ ഇയർ" ആയി തിരഞ്ഞെടുത്തു. അസമിൽ നിന്നുള്ള പൂർണിമ ദേവി, ഹർഗില എന്ന വംശനാശഭീഷണി നേരിടുന്ന പക്ഷിവിഭാഗത്തെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനത്തിലൂടെയാണ് ലോകശ്രദ്ധ നേടിയത്.

***************************************

## GOLD + SENSEX

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബൈ ഓഹരി സൂചിക സെൻസെക്സ് 388 പോയിൻറ് നഷ്ടത്തിലും, നിഫ്റ്റി 120 പോയിൻറ് നഷ്ടത്തിലും വ്യാപാരം തുടരുന്നു. സ്വർണ വില കുറഞ്ഞു. പവന് **360** രൂപ കുറഞ്ഞ് **64,200** രൂപയും ഗ്രാമിന് **45** രൂപ കുറഞ്ഞ് **8,025** രൂപയുമാണ് ഇന്നത്തെ വില.

***************

****************************

***************************************